No. CEE/3737/2012/KEAM-2013/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലേയും, ചില സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലേയും, MBBS/BDS ഒഴികെയുള്ള മറ്റ് മെഡിക്കൽ കോഴ്സുകളിലേയും ഒഴിവു വന്ന സീറ്റുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്, ആഗസ്റ്റ് 2 വരെ ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ **2013 ആഗസ്റ്റ് 7 ാം തീയതി** പ്രസിദ്ധീകരിച്ചു. എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി ഫീസ് **ആഗസ്റ്റ് 8, 10, 12** തീയതികളിൽ SBT യുടെ തെരഞ്ഞെടുത്ത ശാഖയിൽ അടച്ച് ആഗസ്റ്റ് 8, 10, 11, 12 തീയതികളിൽ അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. തുടർന്നും സീറ്റൊഴിവുണ്ടെങ്കിൽ സർക്കാർ ഉത്തരവിന് വിധേയമായി ആഗസ്റ്റ് 13, 14, 15 തീയതികളിൽ സ്പോട്ട് അഡ്മിഷൻ നടത്തി ഒഴിവ് നികത്താവുന്നതാണ്. ആഗസ്റ്റ് 15 ന് ശേഷം എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് പ്രവേശനം നൽകാൻ പാടില്ല.

MBBS/BDS ഒഴികെയുള്ള മറ്റു മെഡിക്കൽ കോഴ്സുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി ഫീസ് **ആഗസ്റ്റ് 8 മുതൽ 16** വരെയുള്ള ബാങ്ക് പ്രവൃത്തിദിനങ്ങളിൽ SBT യുടെ തെരഞ്ഞെടുത്ത ശാഖയിൽ അടച്ച് അതത് കോളേജുകളിൽ **ആഗസ്റ്റ് 8, 12, 13, 14, 16** എന്നീ തീയതികളിൽ പ്രവേശനം നേടേണ്ടതാണ്.

എഞ്ചിനീയറിംഗ് ഒഴികെയുള്ള മറ്റു കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തുടർന്നും അലോട്ട്മെന്റ് നടത്തുന്നതായിരിക്കും. ഇത് സംബന്ധിച്ച വിജ്ഞാപനം പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

തിരുവനന്തപുരം
07.08.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**